**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

| **നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3325** | **10.12.2018-ന് മറുപടിയ്ക്ക്** |
|---|---|

**മഞ്ചേരി ജസില ജംഗ്ഷനിൽ ഫ്ലൈഓവർ**

| | **ചോദ്യം**<br><br>**ശ്രീ.എം.ഉമ്മർ** | | **ഉത്തരം**<br>**ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | മഞ്ചേരി ജസില ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിനായി മഞ്ചേരി വില്ലേജിലെ 520.8 ചതുരശ്ര മീറ്റർ സ്ഥലം ഏറ്റെടുക്കുന്നതിനായി മലപ്പുറം കളക്ടേറ്റിലുള്ള ഫയലിന്റെ വിശദാംശം നൽകുമോ; | (എ) | മഞ്ചേരി ജസില ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിനായി മഞ്ചേരി, നറുകര വില്ലേജുകളിൽ നിന്നും 1249.80 ചതുരശ്ര മീറ്റർ (12.498 ആർ) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള എൽ.എ. നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് ; വിശദമാക്കാമോ ; | (ബി) യും (സി) യും (ഡി) യും | മഞ്ചേരി പൊതുമരാമത്ത് റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും റിക്വിസിഷൻ ലഭ്യമായത് പ്രകാരം 09.08.2017 -ൽ സംയുക്ത സ്ഥലപരിശോധന നടത്തുകയും പ്രസ്തുത സ്ഥല പരിശോധനയിൽ കയ്യേറ്റം ഒഴിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏറനാട് തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. തുടർന്ന് 13.04.2018-ൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ വച്ച് നടത്തപ്പെട്ട റവന്യൂ സർവ്വെ, പി.ഡബ്ല്യൂ.ഡി ഉദ്യോഗസ്ഥരുടെ യോഗത്തിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട സ്ഥലത്ത് ഒരു റിവിഷൻ സർവ്വെ നടത്തുന്നതിന് മലപ്പുറം സർവ്വെ ഡെപ്യൂട്ടി ഡയറക്ടർക്കും സർവ്വെ പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏറനാട് തഹസിൽദാർക്കും നിർദ്ദേശം നല്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റീസർവ്വെ റിക്കാർഡിൽ വന്നിട്ടുള്ള വ്യത്യാസം നാളതുപ്രകാരം മാറ്റം വരുത്തി റിക്കാർഡിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് മലപ്പുറം സർവ്വെ ഡെപ്യൂട്ടി ഡയറക്ടർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.<br>റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിന് ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | | |
| (ഡി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പിന് എന്നത്തേക്ക് കൈ മാറാൻ കഴിയും എന്നറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ